http://theendtimenews.com/

## പുളിപ്പും തേനും വർജ്ജിക്കുക



▶▶▶ തുടർച്ച 03 പേജിൽ

CHRISTIAN NEWS NOVEMBER 2019

ദി എൻഡ് ടൈം ന്യൂസ്
ദി വേക്ക് അപ്പ് - കോൾ

Volume 02 Issue No:22 Pages:13 Reg: TVM/1717/2014, Established:USA, Published from:India

# എ ജി ഫാമിലി കോൺഫ്രൻസ് 2020 ഒക്കലഹോമയിൽ



**ഒക്കലഹോമ:** വടക്കേ അമേരിക്കയിലും, കാനഡയിലുമുള്ള ഏ ജി വിശ്വാസ സമൂഹത്തിന്റെ 21 മത് കുടുംബ സംഗമം 2020 ജൂലൈ 16 മുതൽ 19 വരെ ഒക്കലഹോമയിൽ നടക്കും. നാഷണൽ ഭാരവാഹികളായി സി ഒ ജോൺ (നാഷണൽ കൺവീനർ) പാസ്റ്റർ ജസ്റ്റിൻ സാബു (ജോ. കൺവീനർ) ഡോ.അജിത്ത് ബെൻ ചെറിയാൻ (സെക്രട്ടറി) പാസ്റ്റർ ജിജി ജോൺ(ജോ.സെക്രട്ടറി) ജേക്കബ് ഡാനിയേൽ (ട്രഷറർ) ലിജി കുര്യൻ (യൂത്ത് കോർഡിനേറ്റർ) സിസ്റ്റർ ലിസി ജാൻസൺ (ലേഡീസ് കോർഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു. 2021 ദൂലൈ 21-25 വരെ ഫിലദൽഫിയയിൽ എ ജിയുടെ 25 മത് ജൂബിലി കോൺഫ്രൻസ് നടക്കും. പാസ്റ്റർ സാജൻ ജോർജ്ജ് നേതൃത്വം നൽകും.

## നിലമ്പൂരിൽ കിഡ്സ് ചർച്ചിന് തുടക്കമായി




കുഞ്ഞുങ്ങളെ ആത്മീയമായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഐ പി സി നിലമ്പൂർ സൗത്ത് സൺഡേ സ്കൂൾ ഐ പി സി നിലമ്പൂർ ചക്കാലകുത്ത് കുട്ടികളുടെ ചർച്ചിന് തുടക്കം കുറിച്ചു. സെന്റൽ ശുശ്രൂഷകൻ പാസ്റ്റർ ജോൺ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. തുടർന്ന് സൺഡേ സ്കൂൾ കുട്ടികളുടെ ഗാന ശുശ്രൂഷ, സങ്കീർത്തന മന:പാഠം, പ്രസംഗം തുടങ്ങിയ പരിപാടികൾ നടത്തുകയും, കുട്ടികൾക്ക് പ്രചോദനം നൽകുന്ന ക്രിസ്ത്യൻ വീഡിയോ കാണിക്കുകയും ചെയ്തു. സിഞ്ചു മാത്യൂ, പാസ്റ്റർ വി ജെ മനോജ് എന്നിവർ ആശംസകൾ അറിയിച്ചു. ഇനിയുള്ള എല്ലാ മാസങ്ങളിലും വ്യത്യസ്തമായ ആശയത്തോടെ ഒരു ഞായറാഴ്ച വൈകുന്നേരം 4 മണി മുതൽ 5.30 വരെ കിഡ്സ് ചർച്ച് നടത്തുമെന്ന് സൺഡേ സ്കൂൾ ഭാരവാഹികളായ പാസ്റ്റർ കെ സി സഖറിയ, പാസ്റ്റർ ബിനീഷ് ബേബി, പാസ്റ്റർ സാജു ആൻഡ്രൂസ് എന്നിവർ അറിയിച്ചു.

## ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ കേരള സ്റ്റേറ്റ് കൺവൻഷൻ 2019.



തിരുവനന്തപുരം: തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ക്രിസ്ത്യൻ കോളേജ് ഗ്രൗിൽ വെച്ച് ഡിസംബർ 4 മുതൽ 8 വരെ സ്റ്റേറ്റ് കൺവൻഷൻ എല്ലാ ദിവസവും 5.30 മുതൽ നടത്തപ്പെടുന്നതാണ്. പാസ്റ്റർ സാബു വർഗീസ്(ഹൂസ്റ്റൺ, യു എസ് എ) മുഖ്യ പ്രഭാഷകൻ ആയിരിക്കും. കൺവൻഷൻ ക്വയർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

Available on the iPhone App Store | ANDROID APP ON Google play

THE ENDTIME NEWS

ദി എൻഡ് ടൈം ന്യൂസ്
ദിവേക്ക് അപ്പ് -കോൾ







# EDITORIAL BOARD

### CHIEF EDITOR
Baiju Yacob Edavila

### SUB EDITOR
Manuel Joseph
Daniel Jacob

### EDITORS
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

### MANAGER
Bovas Sreekaryam

### CO-ORDINATORS
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

### REPORTERS
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

### ADVISORY BOARD
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram



INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511


# പട്ടിണിയിൽ പതറുന്ന ഇന്ത്യ

അടിസ്ഥാന ആവശ്യങ്ങളുടെ പട്ടികയിൽ എല്ലാവർക്കും ഭക്ഷണം എന്നത് ഒരു വെല്ലുവിളിയാർന്ന ഭീതിയോടെ ഇന്ത്യയെ കീഴ്പ്പെടുത്തിക്കൊിരിക്കുന്നു. കൃഷി പണികളിൽ നിന്ന് പുതുതലമുറ പൂർണ്ണമായും പിൻമാറിയതും ഭരണകൂടങ്ങളുടെ നിരുത്തരവാദവും അലംഭാവവുമാണ് ഈ സ്ഥിതിയിലേക്ക് എത്തിച്ചേരുവാൻ വഴിയൊരുക്കിയത്. ഇതിന്റെ പരിണിത ഫലം ചിന്തയിൽ ഭീതി ഉളവാകുന്നു. ആഗോള പട്ടിണി സൂചികയിൽ(ജി.എച്ച്.ഐ) ഉൾപ്പടുന്ന 117രാജ്യങ്ങളിൽ 102–ാം സ്ഥാനത്ത് എത്തിനിൽക്കുന്നു ഇന്ത്യ. ഐറിഷ് ജീവകാരുണ്യ സ്ഥാപനമായ കൺസോൺ വേൾഡ് വൈസും, ജർമ്മൻ സംഘടനയായ വെൽറ്റ് ഹങ്കർ ഹിൽഫെയും ചേർന്ന് തയ്യാറാക്കിയ റിപ്പോർട്ടിലും ഇത് സ്ഥിതീകരിക്കുന്നു. പട്ടിണിയെ നിയന്ത്രണ വിധേയമാക്കാൻ നമ്മുടെ അയൽ രാജ്യങ്ങൾ കൈവരിച്ചിട്ടുമുള്ള നേട്ടം പോലും നമുക്ക് നേടിയെടുക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ശ്രീലങ്ക(66), മ്യാൻമാർ(69) , നേപ്പാൾ(74), ബംഗ്ലാദേശ്(88), പാക്കിസ്ഥാൻ(94) ഇങ്ങനെ പോകുന്നു ആഗോള വിശപ്പ് സൂചിക.

ഇന്ത്യയിലെ 132കോടിമനുഷ്യർക്ക് മാത്രമല്ല ലോകമാകമാനമുള്ള ജനതയുടെ വിശപ്പകറ്റാനുള്ള സമ്പത്ത് ഇന്ത്യയ്ക്ക് ഉ്. പക്ഷേ ഈ സമ്പത്ത് ചുരുക്കം ചില വ്യക്തികൾ കൈകാര്യം ചെയ്യുന്നു എന്നു മാത്രം മനുഷ്യാവകാശ സംഘടനയായ ഓക്സ്ഫാം രു വർഷം മുമ്പ് പുറത്തു വിട്ട റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ സമ്പത്തിന്റെ 73 ശതമാനവും കൈയ്യാളുന്നത് സമ്പന്നരായ ഒരു ശതമാനം പേരാണ്. ഇതിനു മുമ്പിലെ വർഷം 58 ശതമാനമായിരുന്നു. ഒരു ശതമാനം വരുന്ന ധനികർ സമ്പത്തിലുാക്കിയ വർദ്ധനവ് 20.9 ലക്ഷം കോടിയാണ്. രാജ്യത്തെ നയപരിപാടികളിലും സാമ്പത്തിക പരിഷ്കരണ നടപടിയിലും സമൂലമായ സമൂലമായ ഒരു അഴിച്ചുപണി അനിവാര്യമാണ്. തുടർന്നും പട്ടിണുയും അസമത്വവും വർദ്ധിച്ചാൽ ജനങ്ങൾക്കിടയിൽ അസംതൃപ്തിയും വിവേചനവും ഉായാൽ രാജ്യം പ്രശ്നകലുഷിതമായി മാറുകയും ചെയ്തേക്കാം. പലരാജ്യങ്ങളുടെയും ആഭ്യന്തര കലാപത്തിലേക്ക് നയിച്ചത് എന്തൊക്കെയാണ് എന്ന് നാം ചരിത്രം പരിശോധിച്ചാൽ പട്ടിണിയും വിവേചനവ◌ുമായിരുന്നു എന്ന് കാണുവാൻ കഴിയും.



ബൈജു യാക്കോബ്
ഇടവിള


**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.



പാസ്റ്റർ ബി.മോനച്ചൻ, കായംകുളം

# അതിശ്രേഷ്ഠ ദൂതർക്കു ലഭിക്കാത്ത അതിമഹത്തായ പദവി

സ്വർഗ്ഗത്തിൽ ആയിരം ഗുണം ആയിരമായി പതിനായിരം ഗുണം പതിനായിരമായി ദൂത സംഘങ്ങളുണ്ട്. മഹോന്നതനായ, സർവ്വനിയാന്താവായ, സർവ്വജ്ഞാനിയും സർവ്വശക്തനുമായ, സകലത്തെയും തന്റെ വ്യാപാരശക്തിയാൽ വഹിക്കുന്ന ദൈവത്തിന്റെ ആജ്ഞാനുവർത്തികളാണിവർ. ദൈവം കല്പിച്ചാൽ തൽക്ഷണം അവർ അനുസരിക്കുന്നു. എന്നാൽ സ്വർഗ്ഗത്തിലെ ഏറ്റവും ശ്രേഷ്ഠനായ ദൂതനെപ്പോലും വീണ്ടെടുപ്പിന്റെ സന്ദേശം അറിയിപ്പാൻ ദൈവം അനുവാദം കൊടുത്തിട്ടില്ല. പ്രിയപ്പെട്ടവരെ, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ഗബ്രിയേലിനെയോ മീഖായേലിനെയോ ഒരു കാഹളവുമായി ദൈവം ഭൂമിയിലേക്കയച്ച് അതു നീട്ടി ഊതിയ ശേഷം ഭൂവാസികളോടു സുവിശേഷം അറിയിക്കണമെന്നു കൽപ്പിച്ചാൽ ഒരു മണിക്കൂർ കൊണ്ട് അവരതു ചെയ്യുമായിരുന്നു. എന്നാൽ ദൈവിക പദ്ധതി അതല്ല. രക്ഷിക്കപ്പെട്ടവർ നഷ്ടപ്പെട്ട പാപികളെ നേടുക എന്നതാണ് ദൈവിക പ ദ്ധതി.

അതായത് ശൗൽ യെരുശലേമിലെ ദൈവസഭയ്ക്ക് വളരെ ദോഷം ചെയ്ത ശേഷം ദമസ്ക്കൊസിലെ ക്രിസ്ത്യാനികളെയും കൊന്നുമുടിക്കുവാൻ മഹാപുരോഹിതന്റെ പക്കൽ നിന്നും നിന്നും അധികാരപത്രവും വാങ്ങി അവിടേക്കു പാഞ്ഞുപോകുമ്പോൾ, ദമസ്ക്കൊസിന്റെ പടിവാതിൽക്കൽ വെച്ച് യേശു കർത്താവ് അവനെ അടിച്ചു താഴെയിട്ടു."നീ ആരാകുന്നു കർത്താവേ?" എന്ന ചോദ്യത്തിനു, "നീ ഉപദ്രവിക്കുന്ന യേശുവാകുന്നു ഞാൻ" എന്നു മറുപടി കിട്ടി. അപ്പോൾ ദൈവസഭയ്ക്കു നേരെയുള്ള ഉപദ്രവവും സഭാനാഥനായ കർത്താവിനു നേരെയുള്ള ഉപദ്രവമാണ്. "നീ എഴുന്നേറ്റു പട്ടണത്തിൽ ചെല്ലുക, നീ ചെയ്യേണ്ടുന്നതു അവിടെവച്ച് നിന്നോടു പറയും" എന്നു പറഞ്ഞ് ശൗലിനെ പട്ടണത്തിലേക്കയച്ച കർത്താവ് അനന്യാസ് എന്ന തന്റെ ശിഷ്യനു ദർശനം നൽകി കണ്ണുകാണാതിരിക്കുന്ന ശൗലിന്റെ അരികിലേക്കു അയക്കുന്നു. അനന്യാസ് ശൗലിനു വചനസത്യങ്ങൾ തെളിയിച്ചുകൊടുത്ത് അവനെ സ്നാനം കഴിപ്പിക്കുന്നു. ഇവിടെ കർത്താവിനു വേണമെങ്കിൽ അനന്യാസിനെക്കാൾ വേഗത്തിൽ ഒരു ദൂതനെ അയച്ച് ഈ കാര്യമെല്ലാം ചെയ്യാമായിരുന്നു. എന്നാൽ രക്ഷാസന്ദേശം ദൂതനെ ഏല്പിച്ചിട്ടില്ല (അപ്പൊ. പ്രവൃത്തി. 9:1-18).

ഗസയ്ക്കരികെയുള്ള നിർജ്ജനപ്രദേശത്തുകൂടെ തേരോടിച്ചു പോയ എത്യോപ്യരാജ്ഞിയുടെ മന്ത്രിയായിരുന്ന ഷണ്ഡന്റെ അരികിലേക്ക് ഫിലിപ്പൊസിനെക്കാൾ വേഗത്തിൽ ഒരു ദൂതനെ ദൈവത്തിനു വേണമെങ്കിൽ അയക്കാമായിരുന്നു. എന്നാൽ വലിയ ഉണർവ്വു നടന്ന, പട്ടണം ഇളക്കിയ ശുശ്രൂഷയുടെ ഇടയിൽ നിന്ന ഫിലിപ്പൊസിനെ ദൈവം അവിടേക്കയക്കുന്നു. ഫിലിപ്പൊസ് ഷണ്ഡനു വചനത്തിന്റെ പൊരുൾ തിരിച്ചു കൊടുത്ത്, സ്നാനം കഴിപ്പിച്ച്, അവന്റെ വഴിക്ക് സന്തോഷത്തോടെ യാത്രയാക്കുന്നു (അപ്പൊ. പ്രവൃത്തി.8:26).

അതുപോലെ തന്നെ കൊർന്നേല്യോസ് എന്ന വിജാതീയനായ ശതാധിപനു ദർശനം കൊടുത്ത് കർത്താവ് ഒരു ദൂതനെ അവന്റെ അടുക്കൽ പറഞ്ഞയച്ചു; യോപ്പയിൽ തോല്ക്കൊല്ലനായ ശിമോന്റെ വീട്ടിൽ പാർക്കുന്ന പത്രൊസിനെ ആളയച്ചു വരുത്തി വചനം കേൾക്കുവാൻ പറയുന്നു. പത്രൊസ് വന്നു വചനം പ്രസംഗിച്ചു. മാനസാന്തരപ്പെട്ട, പരിശുദ്ധാത്മാവു നിറവു പ്രാപിച്ച കൊർന്നേല്യോസിനെയും അവന്റെ കുടുംബക്കാരെയും

തുടർച്ച 06 പേജിൽ

## യാഗങ്ങൾ, ഉത്സവങ്ങൾ – ഒരു ധ്യാനാത്മക പഠനം.

ഒരു തുടർപഠനം..... 7



# യാഗസമാനമായ സമർപ്പണം



**സാം സഖറിയ**
**കൊട്ടാരക്കര**

# പുളിപ്പും തേനും വർജ്ജിക്കുക

**ഭോ**ജനയാഗനിയമത്തിൽ അത്യാവശ്യം വേണ്ട വസ്തുക്കൾ നേരിയ മാവും, എണ്ണയും, കുന്തിരിക്കവും, ഉപ്പുമാണ് എന്നു നാം കണ്ടു കഴിഞ്ഞു. എന്നാൽ ഈ യാത്തിൽ പുളിപ്പും തേനും പൂർണ്ണമായും വർജ്ജിക്കണം എന്നു കാണുന്നു. അറിഞ്ഞോ അറിയാതെയോ യാതൊരു വക തേനും പുളിപ്പും യൈഗത്തിൽ കലരരുത് എന്നുള്ളതിനാലാണ് ഇത് എടുതിതി പറഞ്ഞിരിക്കുന്നത്. പെന്തക്കോസ്ത് പെരുന്നാളിൽ പുളിപ്പിച്ചു ചുട്ട രണ്ടപ്പം ദൈവസന്നിധിയിൽ കൊണ്ടു വരാം എന്നു പറയുന്നുവെങ്കിലും പെസഹപ്പെരുന്നാളിനു ശേഷം വരുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ഏഴു ദിവസം ആചരിക്കണം എന്നും, ആരെങ്കിലും പുളിച്ച അപ്പം ഭക്ഷിച്ചാൽ അവനെ യിസ്രായേൽ സഭയിൽ നിന്നും ഛേദിച്ചു കളയണം എന്ന കർശന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. പുളിപ്പ് രണ്ടു നിലയിൽ ദൈവജനത്തിനു നിഷിദ്ധമാണ്. നമ്മുടെ കർത്താവ് പറഞ്ഞു പരീശന്മാരുടെ പുളിച്ച മാവു സൂക്ഷിച്ചുകൊൾവിൻ എന്ന്. അസാരം പുളിമാവ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നതാണ്. അത് ദുരുപദേശത്തെയാണ് ചൂണ്ടിക്കാട്ടുന്നത്. ദൈവ വചനത്തോട് കൂട്ടുച്ചേർക്കുന്നതും കുറയ്ക്കുന്നതും രണ്ടും ഒരുപോലെ ദൈവത്തിന് അനിഷ്ടമാണ്. ഞങ്ങൾ വചനത്തോടു കൂട്ടിച്ചേർക്കുന്ന അനേകരെപ്പോലെയല്ല എന്ന് പൗലോസ് അപ്പോസ്തലൻ പറഞ്ഞു. നല്ലൊരു വിഭാഗം സഭാസമുദായവിഭാഗങ്ങൾ വചനത്തിൽ ഇല്ലാത്തതു പഠിപ്പിക്കയും ഉള്ളത് പഠിപ്പിക്കാതിരിക്കയും ചെയ്യുന്നു. മാനുഷ കൽപ്പനകലായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതു കൊണ്ട് അവർ എന്നെ വ്യർത്ഥമായി ഭജിക്കുന്നു. എന്നു വചനത്തിൽ കാണുന്നു.

അതുപോലെ തന്നെ പുളിപ്പിന്റെമറ്റൊരു വശമാണ് ജീവിതത്തിലെ അശുദ്ധി. ദൈവം വിശുദ്ധനാകയാൽ ദൈവജനവും വിശുദ്ധരായിരിക്കണം. അശുദ്ധിയോടു കൂടെ ദൈവസന്നിധിയിൽ വരുവാൻ പാടില്ല. ഹോമയാഗം ദൈവത്തിനു സുഗ്രാഹ്യമാകണമെങ്കിൽ

തുടർച്ച 05പേജിൽ

03-ാം പേജ് തുടർച്ച

അതിന്റെ കുടലും കാലും വെള്ളത്തിൽ കഴുകണം എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭോജനയാഗത്തിൽ നേരിയ മാവ് വിശുദ്ധിയുടെ പര്യായമാണ് എന്നു നാം കണ്ടു കഴിഞ്ഞു. നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു തന്നെ ആകയാൽ നാം പഴയ പുളിമാവു കൊണ്ടല്ല, തിന്മയും ദുഷ്ടതയുമായ പുളിമാവു കൊണ്ടുമല്ല സ്വച്ഛതയും സത്യവുമായ പുളിപ്പില്ലായ്മകൊണ്ട് തന്നെ ഉത്സവം ആചരിക്ക..എന്നു തിരുവെഴുത്ത് പറയുന്നു. യേശുക്രിസ്തുവിന്റെ രക്തത്താലുള്ള ശുദ്ധീകരണം പ്രാപിച്ചവർ ജീവിതകാലം മുഴുവൻ വിശുദ്ധജീവിതമാകുന്ന പുളിപ്പില്ലായ്മ ആചരിച്ചു കൊണ്ട് ഉത്സവതുല്യമായ ക്രിസ്തീയ ജീവിതം നയിക്കണം എന്നു ദൈവം ഇച്ഛിക്കുന്നു.(1കൊരി5:6-8).

തേൻ നല്ലതും ഔഷധ ഗുണവുമുള്ളതെങ്കിലും അതു യാഗത്തിൽ ചേർക്കാൻ പാടില്ല. സ്വാഭാവിക മധുരമാണ് തേൻ മനുഷ്യനിൽ സ്വയത്തിൽ നിന്നും ഉളവാകുന്ന ആത്മപ്രശംസയോ, അഹന്തയോ, ഞാൻ എന്ന ഭാവമോ, ദൈവത്തിനു സുഗ്രാഹ്യമായ യാഗത്തിൽ ഉണ്ടായിരിക്കാൻ പാടില്ല. യാഗപീഠത്തിലെ അഗ്നി മാത്രമല്ലാതെ മറ്റെല്ലാ അഗ്നിയും ദൈവസന്നിധിയിൽ നിഷിദ്ധമത്രേ. അന്യാഗ്നി കത്തിച്ചു ധൂപം കാട്ടിയ നാദാബും അബീഹൂവും ദൈവക്രോധാഗ്നിക്കിരയായത് നമുക്കും ഒരു മുന്നറിയിപ്പാണ്. ഉദാസീനതയോടെ കർതൃവേല ചെയ്യുവാനോ ആത്മീക കാര്യങ്ങളെ നിസ്സാരവൽക്കരിക്കുവാനോ ദൈവം നമ്മെ അനുവദിക്കുന്നില്ല. ആഴ്ചയിൽ ആറു ദിവസവും ജഡികോല്ലാസങ്ങളിലും, ലൗകിക സുഖങ്ങളിലും മുഴുകി ജീവിക്കുന്നവർ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ദൈവത്തെ ആരാധിപ്പാൻ യോഗ്യരല്ല. അഹങ്കാരത്തോടെ ദൈവീക ശുശ്രൂഷ ചെയ്ത ശൗലും ഉസ്സിയാവും ദൈവശിക്ഷ അനുഭവിക്കേണ്ടി വന്നു. പെട്ടകം ഉദാസീനതയോടെ കൈകാര്യം ചെയ്ത ഉസ്സീയാവ് മരിച്ചു വീണു. ജനത്തിന്റെ പ്രശംസ ലഭിക്കുവാനോ മറ്റുള്ളവരുടെ മുമ്പിൽ മാന്യത നടിക്കുവാനോ ഇച്ഛിച്ച അനന്യാസും സഫീറയും അപ്പോസ്തലന്മാരുടെ മുമ്പിൽ മരിച്ചു വീണു. ദൈവസന്നിധിയെക്കുറിച്ചുള്ള ആഴമായ ബോധമില്ലാതെ അലക്ഷ്യമായി ജീവിക്കുന്നവരും അശുദ്ധിയിൽ തുടരുന്നവരും യഥാസ്ഥാനപ്പെടേണ്ടതിന്റെ ആവശ്യകത ഇവിടെ വ്യക്തമാക്കുന്നു.

യേശുക്രിസ്തുവിന്റെ ഐഹിക ജീവിതത്തിൽ പുളിപ്പും തേനും അശേഷം ഉണ്ടായിരുന്നില്ല. നമുക്കു പിൻതുടരുവാൻ നല്ലൊരു മാതൃക നൽകുവാൻ ക്രിസ്തുവിന്റെ ജീവിതം പര്യാപ്തമായിരുന്നു. സ്നേഹം, അനുസരണം, താഴ്മ, സൗമ്യത പ്രതികാര മനോഭാവമില്ലായ്മ ഇവയെല്ലാം ക്രിസ്തുവിൽ നിറഞ്ഞുനിൽക്കുന്ന സദ്ഗുണങ്ങളാണ്.



നമ്മുടെ ജീവിതവും അതുപോലെ ആയിരിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു.

ഇത് യഹോവയ്ക്ക് അതിവിശുദ്ധമായ യാഗമാണ്. തിന്നുന്നവൻ വിശുദ്ധ സ്ഥലത്ത് വെച്ച് തിന്നണം. എന്നും തൊടുന്നവനെല്ലാം വിശുദ്ധനായിരിക്കണമെന്നും വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു.(ലേവ്യ6:16-18) വ്യവസ്ഥ പാലിക്കുന്നവർക്കുള്ള അനുഗ്രഹവും അല്ലാത്തവർക്കുള്ള ശാപവും വചനം വ്യക്തമാക്കുന്നുണ്ട്. നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ എന്നുള്ള പ്രബോധന വാക്യം നമ്മുടെ ജീവിതത്തിൽ അന്വർത്ഥമാക്കേണ്ടതാണ്.

ഇതിന്റെ ശേഷിപ്പ് അഹരോനും പുത്രന്മാർക്കുമുള്ളതാണ്. (ലേവ്യ2:3) പ്രഥമ ഭാഗം ദൈവത്തിനു അർപ്പിച്ചു കഴിഞ്ഞാൽ ശേഷിക്കുന്നത് അർപ്പിക്കുന്നവർക്കുള്ളതാണ്. ദൈവത്തിനു സൗരഭ്യവാസനയായ യാഗം ദൈവജനത്തിനും അനുഗ്രഹമായി ഭവിക്കുന്നു. ദൈവീക ശുശ്രൂഷ ചെയ്യുന്നവർക്ക് ആത്മീക പോഷണം ലഭിക്കുന്നത് ക്രിസ്തുവിന്റെ യാഗത്തിൽ നിന്നു തന്നെയാണ്. ക്രിസ്തു ജീവന്റെ അപ്പമാണ്; നമ്മുടെ നിത്യജീവയാഹാരമാണ്. എത്രത്തോളം നാം അവനെ ആസ്വദിച്ചറിയുന്നുവോ അത്രത്തോളം അവൻ ആസാദ്യനാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠതയിൽ നാം വർദ്ധിച്ചു വരേണ്ടതാണ്(2പത്രോസ്3:18) യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠയിൽ നാം വർദ്ധിച്ചു വരുമ്പോഴാണ് ലൗകിക കാര്യങ്ങളുടെ നിസ്സാരത മനസ്സിലാക്കി ആത്മീക ജീവിതം നയിക്കാൻ കഴിയുന്നത്.

ചുരുക്കത്തിൽ ക്രിസ്തു ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിക്കപ്പെട്ടതുപോലെ നമ്മുടെ ജീവിതവും നേരിയ മാവാകുന്ന വിശുദ്ധ ജീവിതത്തോടു പരിശുദ്ധാത്മാവാകുന്ന എണ്ണയും സൗരഭ്യം തൂകുന്ന കുന്തിരിക്കവും രുചിപ്പിക്കുന്നതും, ജീർണ്ണതയിൽ നിന്ന് സംരക്ഷിക്കുന്നതുമായ ഉപ്പും ചേർത്ത് പുളിപ്പും തേനും ഒഴിവാക്കി ദൈവ പ്രസാദമുള്ള ജീവിതം നയിക്കാൻ ഈ ചിന്തകൾ നമ്മെ സഹായിക്കട്ടെ.

## 03-ാം പേജ് തുടർച്ച

സ്നാനപ്പെടുത്തുന്നു. നോക്കൂ, ദർശനം നൽകുവാനും പത്രൊസിനെ വിളിക്കുവാൻ ആലോചന കൊടുക്കുവാനും ദൈവം ദൂതനെ വിട്ടു. എന്നാൽ സുവിശേഷത്തിന്റെ പൊരുൾ തിരിച്ചുകൊടുക്കുവാനോ സ്നാനപ്പെടുത്തുവാനോ ദൂതനെ നിയോഗിച്ചില്ല (അപ്പൊ. പ്രവൃത്തി.10: 1-8).

അതെ, പ്രിയരെ സ്വർഗ്ഗത്തിലെ അതിശ്രേഷ്ഠ ദൂതന്മാർ ആഗ്രഹിച്ചിട്ടും ലഭിക്കാത്ത അതിമഹത്തായ പദവിയാണ് തേജസ്സിന്റെ സന്ദേശം അറിയിക്കുക എന്നത്. അതുകൊണ്ടാണ് വിശുദ്ധ പത്രൊസ് പറഞ്ഞത്, "സ്വർഗ്ഗത്തിൽ നിന്നയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം അറിയിച്ചവർ അതു ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. അതിലേക്കു ദൈവദൂതന്മാരും കുനിഞ്ഞുനോക്കുവാൻ ആഗ്രഹിക്കുന്നു" (1 പത്രൊസ് 1:12). അപ്പോൾ നിങ്ങളും ഞാനും ഒരു വ്യക്തിയോടു സുവിശേഷം പങ്കുവെയ്ക്കുമ്പോൾ സ്വർഗ്ഗദൂതസംഘം സാകൂതം അതു കുനിഞ്ഞുനോക്കുന്നു. അതാണ് പാട്ടുകാരൻ പാടിയത്: "ദൂതർക്കും കൂടവകാശം ലഭ്യമാകാതുള്ള രക്ഷാദൂതറിയിച്ചിടാൻ ഭാഗ്യം ലഭിച്ചെനിക്ക്..." മാത്രമല്ല, സുവിശേഷ സന്ദേശം അറിയിക്കുവാൻ നിങ്ങൾക്ക് അവൻ ദൂതഗണത്തെ കാവലായും തരുന്നു.

എന്തുകൊണ്ടാണ് തേജോരൂപികളും അതിശക്തരുമായ സ്വർഗ്ഗദൂതസംഘത്തെ മാനവജാതിയെ സുവിശേഷം അറിയിക്കുക എന്ന ദൗത്യം ദൈവം ഏല്പിക്കാതിരുന്നതെന്നു ഞാൻ ചിന്തിക്കാറുണ്ട്. യേശുകർത്താവിന്റെ ജനനത്തിൽ അവൻ ജനിച്ച വാർത്ത ആട്ടിടയന്മാരെ അറിയിച്ചത് ദൂതന്മാരായിരുന്നു(ലൂക്കൊസ് 2:8). യേശു കർത്താവ് ഉയിർത്തെഴുന്നേറ്റു എന്ന സന്ദേശം ആദ്യമായി തന്റെ ശിഷ്യന്മാർക്കു നൽകിയതും ദൂതന്മാർ ആയിരുന്നു (ലൂക്കൊസ് 24:1-4). സ്വർഗ്ഗാരോഹണം ചെയ്ത യേശുകർത്താവ് പോയതുപോലെ മടങ്ങിവരുമെന്നു ശിഷ്യന്മാരെ അറിയിച്ചതും ദൂതന്മാരാണ്( അപ്പൊ. പ്രവൃത്തി. 1:10). ഇനിയും കർത്തുവു മടങ്ങിവരുന്നതും പ്രധാന ദൈവദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളധ്വനിയോടും കൂടെയാണ് (1 തിമൊ. 4:16).

എന്നാൽ സുവിശേഷസന്ദേശം അറിയിക്കുവാൻ മാത്രം അവർക്ക് അനുവാദമില്ല. കാരണം, ഒന്ന്, അവർ വീണ്ടെടുപ്പു പ്രാപിച്ചവരല്ല; അവർക്കു പാടുവാൻ ഒരു പാട്ടേ ഉള്ളൂ, "കർത്താവേ നീ സകലവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടാക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും കൈക്കൊൾവാൻ നീ യോഗ്യൻ"(വെളി. 5:11). സങ്കീർത്തനക്കാരൻ 148 -ൽ പറയുന്നതുപോലെ, "അവന്റെ സകലദൂതന്മാരും ആയുള്ളോരേ അവനെ സ്തുതിപ്പിൻ," കാരണം, അവൻ കല്പിച്ചിട്ട് അവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവരെല്ലാം യഹോവയുടെ നാമത്തെ സ്തുതിക്കട്ടെ(സങ്കീ. 148:1-5).

അപ്പോൾ അവർ കർത്താവനെ സ്തുതിക്കുന്നത് അവൻ അവരെ സൃഷ്ടിച്ചു എന്ന കാരണത്താലാണ്. എന്നാൽ ദൈവമക്കൾ ദൈവത്തെ ആരാധിക്കുന്നത് രണ്ടു കാരണങ്ങളാണ്. ഒന്ന്, അവൻ നമ്മെ



സൃഷ്ടിച്ചു. രണ്ട്, അവൻ തന്റെ രക്തം മറുവിലയായി നൽകി നമ്മെ വീണ്ടെടുത്തു (1 പത്രൊസ് 1:19). അതുകൊണ്ടു തന്നെ വീണ്ടെടുക്കപ്പെട്ടവർ നഷ്ടപ്പെടുന്നവരോട് വീണ്ടെടുപ്പിന്റെ സന്ദേശം അറിയിക്കണം.

കൂടാതെ ദൂതന്മാർക്ക് അനുഭവജ്ഞാനമില്ല എന്നു തന്നെ പറയാം. അതായത് 103-ാം സങ്കീർത്തനത്തിൽ പറയുന്നതുപോലെ 'യഹോവ എന്റെ അകൃത്യമൊക്കെയും മോചിക്കുന്നു' എന്നോ 'അവൻ എന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കി' എന്നോ 'എന്റെ ജീവനെ നാശത്തിൽ നിന്നും വീണ്ടെടുത്തു' എന്നോ പാടുവാനും സാക്ഷിപ്പാനും അവർക്കു കഴിയുകയില്ല. ഈ അനുഭവജ്ഞാനം വീണ്ടെടുക്കപ്പെട്ട, രക്ഷിക്കപ്പെട്ട, വിലയ്ക്കു വാങ്ങപ്പെട്ട ദൈവജനത്തിനു മാത്രമുള്ളതാണ്. അതുകൊണ്ടു തന്നെ വിലയ്ക്കു വാങ്ങപ്പെട്ട നിങ്ങൾ അവന്റെ സാക്ഷിയാകണം. എത്ര മഹത്വകരമായ പദവി! എത്ര ശ്രേഷ്ഠമായ ഭാഗ്യം! യേശുകർത്താവിനെ ഉയർത്തുവാൻ ഈ മൺകൂടങ്ങൾക്കു അനുവാദവും അവകാശവും പദവിയും നല്കിയല്ലോ...!നമ്മിൽ എത്രപേർ അതു തിരിച്ചറിയും. വീണ്ടെടുപ്പിന്റെ ഗാനം പാടുവാനും വീണ്ടെടുപ്പിന്റെ സന്ദേശം അറിയിക്കുവാനും മനുഷ്യവർഗ്ഗത്തിനു മാത്രമേ അവകാശവും അനുവാദവുമുള്ളൂ.

# പ്രസംഗമദ്ധ്യേ കുഴഞ്ഞുവീണ പാസ്റ്റർ ആൻഡ്രൂസ് നിത്യതയിൽ ചേർക്കപ്പെട്ടു.

ദുബായ്: ദി പെന്തക്കോസ്ത് മിഷൻ സഭയുടെ മിഡിൽ ഈസ്റ്റ് വാർഷിക കൺവൻഷന്റെ ആദ്യ ദിനമായ നവംബർ 5 ന് രാത്രിയിൽ പ്രസംഗിച്ചു കൊറിക്കയായിരുന്ന റ്റി പി എം ശ്രീലങ്കൻ സെന്റർ പാസ്റ്റർ ആൻഡ്രൂസ് പാക്യനാഥൻ പ്രസംഗമദ്ധ്യേ കുഴഞ്ഞു വീഴുകയായിരുന്നു. ചീഫ് പാസ്റ്റർ എബ്രഹാം മാത്യൂ, ഡെപ്യൂട്ടി ചീഫ് പാസ്റ്റർ എം റ്റി തോമസ്, അസോസിയേറ്റീവ് ജി ജയം എന്നിവരും മറ്റ് ശുശ്രൂഷകരും ചേർന്ന് കൺവൻഷൻ നടക്കുന്ന ദുബായ് അൽ നാസർ ലെയ്സർ ലാൻഡിലെ സെക്യൂരിറ്റി വിഭാഗത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റഷിത് ഹോസ്പിറ്റലിൽ കൊണ്ടുപോയി. പിറ്റേന്ന് വെളുപ്പിന് 2.50 ന് ആയിരുന്നു അന്ത്യം. സംസ്കാരം പിന്നീട്.



Available on the iPhone App Store
ANDROID APP ON Google play

# വായ്മൊഴി

▶ദൈവസൃഷ്ടിയെ അധിക്ഷേപിക്കുന്നത് ദൈവത്തെ അപമാനിക്കുന്നതിന് തുല്യമാണ്.

▶സാഹചര്യങ്ങളല്ല, ദൈവത്തിന്റെ സ്നേഹത്തെയും നന്മയെയും അളക്കാനുള്ള അളവുകോൽ അത് ക്രൂശ് തന്നെയാണ് .

▶ദൈവം തന്റെ വചനത്തിലൂടെ നമ്മോട് സംസാരിക്കുന്നു. ശ്രദ്ധിക്കുവാൻ സമയം എടുക്കുക.



**Pr.P.V.S C.BD**

▶ശ്രദ്ധിപ്പാൻ സമയമെടുക്കുന്നവരോട് ദൈവം സംസാരിക്കുന്നു. പ്രാർത്ഥിപ്പാൻ സമയമെടുക്കുന്നവരെ ദൈവം ശ്രദ്ധിക്കുന്നു.

▶ അടിമയായി ജീവിക്കുന്നത് ശാപമാണ്, അനീതിയോടും തിന്മയോടും വിട്ടു വീഴ്ച ചെയ്യുന്നതാകട്ടെ കടുത്ത അപരാധവും.

▶അറിവിനേക്കാൾ പ്രാധാന്യം ഭാവനയ്ക്കാണ്.

▶ആശ ദൈവത്തിലായിരിക്കുന്നവർ ആരും ആശാരഹിതരല്ല.

▶നമ്മുടെ ആവശ്യങ്ങൾ ദൈവം തന്നെ ഏറ്റെടുക്കുമ്പോൾ നമുക്ക് എപ്പോഴും അതു തൃപ്തിയായിരിക്കും.

▶നീ എന്തു ചെയ്യുന്നു എന്നതല്ല മറിച്ച് നീ ആരായിരിക്കുന്നു എന്നതാണ് പ്രധാനം.

▶നാക്ക് വഴുതുന്നതിനെക്കാൾ കാൽ വഴുതുന്നതാണ് നല്ലത്.

# ചർച്ച് ഓഫ് ഗോഡ് ദേശീയ സമ്മേളനം: പ്രാദേശിക പ്രവർത്തക സമിതി നിലവിൽ വന്നു

*ഡാളസ്:* 25 മത് നോർത്ത് ആമേരിക്കൻ ചർച്ച് ഓഫ് ഗോഡ് ദേശീയ സമ്മേളനത്തിന്റെ പ്രാദേശിക സമിതി നിലവിൽ വന്നു. 2020 ജൂലൈയിൽ നടക്കുന്ന സമ്മേളനങ്ങളുടെ സുഗമമായ നടത്തിപ്പിലേയ്ക്കാണു ഡാളസിൽ കൂടിയ ആലോചനാ യോഗത്തിൽ പ്രസ്തുത കമ്മറ്റിയെ തിരഞ്ഞെടുത്തത്.

പാസ്റ്റർ എബി മാമ്മൻ(ലോക്കൽ കൺവീനർ) ജോഷ്വാ ജോസഫ് (ലോക്കൽ കോർഡിനേറ്റർ) റോബിൻ രാജു (ലോക്കൽ സെക്രട്ടറി) വർഗീസ് തോമസ് (ലോക്കൽ ട്രഷറർ) പാസ്റ്റർ ഫിനോയ് ജോൺസൺ, ജോയൽ മാത്യൂ (ലോക്കൽ യൂത്ത് കോർഡിനേറ്റേഴ്സ്) എന്നിവരെ കൂടാതെ വിവിധ സബ് കമ്മറ്റികളും നിലവിൽ വന്നു.

വിജു തോമസ് (രജിസ്ട്രേഷൻ) പാസ്റ്റർ പ്രകാശ് മാത്യൂ (പ്രയർ) വർഗീസ് വർഗീസ്(കർതൃമേശ) ജോമോൻ തോമസ് (വർഷിപ്പ്) അലക്സ് മാത്യൂ, ആനി മാത്യൂ (ചിൽഡ്രൻസ് മിനിസ്ട്രി) അലൻ മാത്യൂ (ഓഡിയോ/വിഷ്വൽ) ഫിലിപ്പ് തോമസ്( മീഡിയ) ജയ്സൺ മരുതരേത്ത് (അക്കോമഡേഷൻ) സാം അലക്സാർ (ട്രാൻസ്പോർട്ടേഷൻ) ഷാജി ശമുവേൽ (റിസപ്ഷൻ)ബ്ലസ്സൻ എബ്രഹാം (അഷേഴ്സ്) ബിജു തോമസ് (ഫുഡ്) ഐസക് ജോർജ്ജ് (സെക്യൂരിറ്റി) ജെറോമി ജോസ്(സംഗീതം-ഇംഗ്ലീഷ്) ജോഷ് മാത്യൂ (സ്പോർട്ട്സ്) ജോബ് അലക്സ് (ഹോസ്പിറ്റാലിറ്റി) റെനി ചെറിയാൻ (സോഷ്യൽ മീഡിയ) എലിസബത്ത് നൈനാൻ, ഷേർലി ശാമുവേൽ(മെഡിക്കൽ) ഡെയ്സി തോമസ് (ലേഡീസ് കോർഡിനേറ്റർ) എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.



Pr Jose Annicattu
National President



Pr Sunny Thazampalam
National Vice President



Pr Abraham Thomas
National Secretary



Wilson Varghese
National Treasurer



Evg Soby Kuruvilla
National Youth Coordinator

നാഷണൽ ഭാരവാഹികളായി പാസ്റ്റർ ജോസ് ആനിക്കാട് (പ്രസിഡന്റ്) പാസ്റ്റർ സണ്ണി താഴാമ്പള്ളം (വൈസ് പ്രസിഡന്റ്) പാസ്റ്റർ എബ്രഹാം തോമസ് (സെക്രട്ടറി) വിൽസൺ വർഗീസ് (ട്രഷറർ) സോബി കുരുവിള (യൂത്ത് കോർഡിനേറ്റർ) എന്നിവരും പ്രവർത്തിക്കുന്നു.

2020 ജൂലൈ 16-19 വരെ ഡാളസ്, മെസ്കിറ്റിലുള്ള ഹാംപ്ടൺ ഹോട്ടളിൽ വെച്ച് നടക്കുന്ന സിൽവർ ജൂബിലി സമ്മേളനത്തിന്റെ മുഖ്യ ചിന്താ വിഷയം   നാം ഒന്നിച്ച് അവന്റെ നാമത്തെ ഉയർത്തുക എന്നതാണ്. വടക്കേ അമേരിക്കയിലുള്ള ചർച്ച് ഓഫ് ഗോഡ് സഭകളുടെ സംയുക്ത സമ്മേളനമായ ഈ കോൺഫ്രൻസിനു ഇതു നാലാം തവണയാണ് ഡാളസ് വേദിയാകുന്നത്.

## ഞാൻ നിന്റെ
# പ്രവൃത്തി അറിയുന്നു

ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ഇതാ ഞാൻ നിൻറെ മുമ്പിൽ ഒരു വാതിൽ തുറന്നു വച്ചിരിക്കുന്നു; അത് ആർക്കും അടച്ചു കൂടാ. നിനക്ക് അൽപമേ ശക്തിയുള്ളൂ എങ്കിലും നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചിട്ടില്ല.
(വെളിപ്പാട്3:8)




പാസ്റ്റർ ഷിബു തോമസ്, ഒക്കലഹോമ.



നന്മ ചെയ്യുവാൻ നിനക്കു പ്രാപ്തിയുള്ളപ്പോൾ അതിനു യോഗ്യന്മാരായവർക്ക് ചെയ്യുവാൻ മറന്നുപോകരുത്. ജോസഫിനെ അറിയാത്ത ഫറവോൻ വന്നേക്കാം. എന്നാൽ നമ്മുടെ ചെറുതും വലുതും നല്ലതും തീയതും ആയ എല്ലാ പ്രവൃത്തികളേയും അറിയുന്ന യഹോവ തന്റെ ജനത്തെ മറന്നു കളകയില്ല. ദൈവത്തെ സേവിച്ചത്, ദൈവ വേലയ്ക്കുവേി ചിലവഴിച്ചത് അവിടുത്തെ ഓർമ്മയിലു്. നീ ബലഹീനനെങ്കിലും , ഏറ്റവും ചെറിയവനെങ്കിലും ദൈവവചനം കാത്തതിനാൽ അതിനെ അനുസരിച്ചതിനാൽ തുറന്നോരു വാതിൽ നിന്റെ മുമ്പിൽ വച്ചിരിക്കുന്നു. അത് ആർക്കും അടയ്ക്കുവവൻ കഴികയില്ല. നീ ചുമക്കുന്ന നിന്ദ, അപമാനം ഇവ കർത്താവറിയുന്നു. ശീമോൻ ചുമന്ന ക്രൂശ് നിന്ദയുടേതാണെങ്കിലും അത് ക്രിസ്തുവിന്റെ നിന്ദയാണ്. അത് അനുഗ്രഹത്തിന് കാരണമായി തീർന്നു. ദൈവത്തോടുള്ള നിന്റെ സ്നേഹം കർത്താവ് അറിയുന്നു. എല്ലാറ്റിനോക്കാളും, എല്ലാവരെക്കാളും ദൈവത്തെ സ്നേഹിക്കുന്നവർ വിലയേറിയവരാണ്. നിന്റെ പ്രത്യാശ കർത്താവ് അറിയുന്നു. ഇത്രയും അൽപ്പകാലം കഴിഞ്ഞിട്ട് വരുവാനുള്ളവൻ വരും ഇനി താമസിക്കയില്ല.യഹോവയ്ക്കായി കാത്തിരിക്കുന്ന ഒരുത്തനും ലജ്ജിച്ചു പോകയില്ല. അവർ ശക്തിയെ പുതുക്കും , കഴുകന്മാരെപ്പോലെ പ്രശ്നങ്ങൾക്കു മീതെ പറന്നുയരും. നിങ്ങൾ ഒന്നിലും കുറവില്ലാത്തവരും, തികഞ്ഞവരും സമ്പൂർണ്ണവരും ആകേ തിന് സ്ഥിരതയ്ക്ക് തികഞ്ഞ പ്രവൃത്തി ഉാകട്ടെ (യാക്കോബ് 1:4) നമ്മെ അറിയുന്നവൻ നമ്മുടെ പ്രവൃത്തിയെ അറിയുന്നു.

പ്രാർത്ഥ

കർത്താവെ ഈ പ്രഭാതത്തിൽ അങ്ങ് എന്റെ പ്രവത്തിയെ അറിയുന്നു എന്നതു ഉറപ്പ്. എനിക്ക് കൂടുതൽ പ്രവൃത്തിപ്പാൻ ശക്തി തന്നു എന്നെ സഹായിക്കണമേ.....ആമേൻ.

# സി ജി ഇന്റർനാഷണൽ റൈറ്റേഴ്സ് ഫെലോഷിപ്പിന് പുതിയ ഭാരവാഹികൾ

അറ്റ്ലാന്റ്: 24 മത് ദൈവസഭകളുടെ ദേശീയ സമ്മേളനത്തിൽ വെച്ച് ചർച്ച് ഓഫ് ഗോഡ് ഇന്ത്യാ ഇന്റർനാഷണൽ റൈറ്റേഴ്സ് ഫെലോഷിപ്പിന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ ജോൺ തോമസ് (പ്രസിഡന്റ്) പാസ്റ്റർ മാത്യൂ കെ ഫിലിപ്പ് (വൈസ് പ്രസിഡന്റ്) പാസ്റ്റർ എബി മാമ്മൻ (സെക്രട്ടറി) പാസ്റ്റർ ബിജു ജോർജ്ജ് (ജോ. സെക്രട്ടറി) പാസ്റ്റർ പി പി കുര്യൻ (പബ്ലിഷർ) സിസ്റ്റർ സൂസൻ ബി ജോൺ(ട്രഷറർ) എന്നിവരാണ് പുതിയ കമ്മറ്റി അംഗങ്ങൾ.



# ലൈഫ്ടെക് അക്കാദമി ഈവനിംഗ് ബൈബിൾ കോളേജ് ഉദ്ഘാടനം നവം. 4 ന്

ലൈഫ്ടെക് അക്കാദമി ഈവനിംഗ് ബൈബിൾ കോളേജ് ഉദ്ഘാടനം നവംബർ 4 ന് നടക്കും. മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പാൾ റവ.ഡോ.എം.സ്റ്റീഫൻ ഉദ്ഘാടനം നിർവഹിക്കും. റവ.ഡോ.റ്റി.പി. വർഗീസ് മുഖ്യപ്രഭാഷണം നടത്തും. ശാരോൻ ചർച്ച് ദേശീയ പ്രസിഡന്റ് പാസ്റ്റർ പി.എം. ജോൺ സമർപ്പണ പ്രാർത്ഥന നടത്തും. ചർച്ച് ഓഫ് ഗോഡ് കൗൺസിൽ സെക്രട്ടറി പാസ്റ്റർമാരായ ജെ.ജോസഫ്, ജോൺസൺ കെ സാമുവൽ, എബി പി ജോർജ്ജ്, കെ കെ രാജു എന്നിവർ നേതൃത്വം നൽകും.
മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയുടെ അംഗീകാരത്തോടെ G.Th.(മലയാളം) B.A.in Theology (ഇംഗ്ലീഷ്) എന്നീ കോഴ്സുകളാണ് നടത്തപ്പെടുന്നത്. തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ വൈകുന്നേരം 6 മണി മുതലാണ് ക്ലാസ്സുകൾ. ഉപദേശ വ്യതിയാനം അധികരിക്കുന്ന ഈ കാലത്ത് ക്രമീകൃതമായി ദൈവവചനം പഠിക്കുവാനുള്ള സുവർണ്ണാവസരമാണിത്. എം സി റോഡിൽ നിന്നും കല്ലിശ്ശേരി കെ എസ് ഇ ബി റോഡിൽ നിന്നും 500 മീറ്റർ പിന്നിടുമ്പോൾ സെന്ററിൽ എത്താം. വിശദ വിവരങ്ങൾക്ക് : പാസ്റ്റർ ഫിന്നി ജോസഫ്-95268 96202, പാസ്റ്റർ ടൈറ്റസ് ജോൺസൺ- 9447440255.

# ജീസസ് ഈസ് എലൈവ് വാർഷിക കൺവൻഷൻ ഡിസം. 28 – 30

എൽ ശദ്ദായി മിനിസ്ട്രി ജീസസ് ഈസ് എലൈവ് ഗ്ലോബൽ വർഷിപ്പ് സെന്ററിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വാർഷിക കൺവൻഷൻ ഡിസംബർ 28 മുതൽ 30 വരെ കൊട്ടാരക്കര താഴേക്കരിക്കം എം ജി എം ഗ്രൗിൽ വച്ച് നടത്തപ്പെടും. എല്ലാ ദിവസവും രാവിലെ 10 നും വൈകിട്ട് 6 മണിക്കും മീറ്റിംഗുകൾ ആരംഭിക്കും. പാസ്റ്റർ ടിനു ജോർജ്ജ്, പാസ്റ്റർ സുരേഷ് ബാബു, പാസ്റ്റർ പി സി ചെറിയാൻ, പാസ്റ്റർ അനീഷ് മനോ സ്റ്റീഫൻ, പാസ്റ്റർ അനീഷ് കാവാലം എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. ഡോ.ബ്ലസ്സൻ മേമന, ശ്യാം എസ്, ഇമ്മാനുവേൽ കെ ബി, ഷിജിൻ ഷാ എന്നിവർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

# ഐ പി സി പെനിയേൽ ഷാർജ വാർഷിക കൺവൻഷൻ ഡിസം. 9 – 11 വരെ

ഷാർജ: ഐ പി സി പെനിയേൽ ഷാർജ വാർഷിക കൺവൻഷൻ ഡിസംബർ 9 മുതൽ 11 വരെ ദിവസവും വൈകുന്നേരം 7.30 ന് ഷാർജ വർഷിപ്പ് സെന്ററിൽ വെച്ച് നടക്കും. മുഖ്യ പ്രാസംഗീകൻ അനീഷ് കാവാലം. ഐ പി സി പെനിയേൽ ക്വയർ ഗാനങ്ങളാലപിക്കും. പാസ്റ്റർ ജോസ് പരുമല, സെക്രട്ടറി സിജു തോമസ് എന്നിവർ നേതൃത്വം നൽകും. വിശദ വിവരങ്ങൾക്ക് : 0558313789, 0502132290.

THE ENDTIME NEWS




# പ്രേക്ഷിത് ദർശൻ സമാജ് സംഗീത സായാഹ്നം ഡിസം. 5 ന്

ന്യൂമ പ്രെയർ സെല്ലിന്റെയും പ്രേക്ഷിത് ദർശൻ സമാജിന്റെയും ആഭിമുഖ്യത്തിൽ ഡിസംബർ 15 ന് വൈകിട്ട് 5 മണിമുതൽ 9 മണി വരെ ഡൽഹിയിൽ സംഗീത സായാഹ്നം നടക്കും. ഡാബഡി എം ടി എൽ എക്സ്ചേഞ്ച് ഓഫീസിനടുത്തുള്ള കമ്മ്യൂണിറ്റി സെന്ററിൽ നടക്കുന്ന സംഗീത സായാഹ്നത്തിൽ പ്രസിദ്ധ ഗായിക സിസ്റ്റർ പെർസിസ് ജോൺ ആരാധനയ്ക്ക് നേതൃത്വം നൽകും.ഐ പി സി ഡൽഹി സംസ്ഥാന മുൻ പ്രസിഡന്റ് നിലവിലെ രക്ഷാധികാരിയുമായ പാസ്റ്റർ കെ ജോയ് മുഖ്യ സന്ദേശം നൽകും.

# ഫെസ്റ്റിവൽ ഓഫ് ഗ്രേസ് നവം.19 – 22 ന് കുവൈറ്റിൽ

കുവൈറ്റ്: ഗിൽഗാൽ വർഷിപ്പ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഫെസ്റ്റിവൽ ഓഫ് ഗ്രേസ് നവംബർ 19,20 തിയതികളിൽ മംഗഫ് ഗിൽഗാൽ വർഷിപ്പ് സെന്റർ ഹാളിൽ വെച്ച് നടക്കും. കൂടാതെ 21,22 തിയതികളിൽ പോപ്പിൻസ് ഹാൾ, അബ്ബാസിയയിൽ എല്ലാ ദിവസവും 6.30 മുതൽ 9.00 മണി വരെ നടക്കും. മുഖ്യ പ്രാസംഗീകൻ പാസ്റ്റർ പ്രിൻസ് തോമസ് റാന്നി ആണ്. ഐസക് വില്യം ആരാധനയ്ക്ക് നേതൃത്വം നൽകും. വിശദ വിവരങ്ങൾക്ക് : 00965 650466736, 99926835, 99209313.

# 21 മത് റീമാ പുസ്തക മേള

**തിരുവല്ല:** റീമാ പബ്ലിഷേഴ്സിന്റെ 21 മത് വാർഷിക ബൈബിൾ പുസ്തകമേള നവംബർ 11 മുതൽ 30 വരെ പുഷ്പഗിരി റോഡിലുള്ള റീമാ ബുക്ക് ഹൗസിൽ നടക്കും. സ്ഥാപക ഡയറക്ടർ റവ. സി.പി.മോനായിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ മുൻ രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ.പി.ജെ.കുര്യൻ ഉദ്ഘാടനം ചെയ്യും. തിരുവല്ല മുനിസിപ്പൽ ചെയർമാൻ ശ്രീ.ചെറിയാൻ പോളച്ചിറയ്ക്കൽ ആദ്യ വില്പന നിർവഹിക്കും. 5 പുതിയ പുസ്തകങ്ങളുടെ പ്രകാശനവും നടക്കും. 20 ദിവസം നീണ്ടു നിൽക്കുന്ന പുസ്തകമേളയിൽ പുസ്തകങ്ങൾക്ക് 50% വരെ ഡിസ്കൗണ്ട് ലഭിക്കും. റീമാ പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച 460 ൽ അധികം ഗ്രന്ഥങ്ങൾക്കും പ്രത്യേക ഡിസ്കൗണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. വാർഷിക സമ്മേളനം തിരുവല്ല വൈ എം സി എ ഹാളിൽ 30-ാം തിയതി ശനിയാഴ്ച നടക്കും. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ആത്മീയ നേതാക്കൻമാർ പങ്കെടുക്കും.

## ഹെബ്രോൻ കൺവൻഷൻ 2019

ഐ പി സി ഹെബ്രോൻ ഉം അൽ ഖുവൈൻ സഭയുടെ ആഭിമുഖ്യത്തിൽ ഹെബ്രോൻ കൺവൻഷൻ ഉം അൽ ഖുവൈൻ ചർച്ച് സെന്ററിൽ വെച്ച് നവംബർ 12,13 തിയതികളിൽ രാത്രി 7.30 മുതൽ 10 മണി വരെ നടത്തപ്പെടുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാം വരവ് എന്ന വിഷയത്തെ ആധാരമാക്കി പാസ്റ്റർ റെജി ശാസ്താംകോട്ട തിരുവചനം ശുശ്രൂഷിക്കുന്നു. സഭാ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു. പാസ്റ്റർ എ എം യോഹന്നാൻ, പാസ്റ്റർ ഷിബിൻ മാത്യൂ എന്നിവർ നേതൃത്വം നൽകും.

THE END TIME NEWS
VOICE OF HARVESTING SOULS MISSION





# മാതാപിതാക്കൾ മക്കൾക്ക് നൽകേണ്ടത്



ബിനു ജോസഫ് വടശ്ശേരിക്കര
9495834994

“അപ്പം ചോദിക്കുമ്പോൾ കല്ലു കൊടുക്കുന്ന പിതാവ് നിങ്ങളിൽ ആരുള്ളൂ?” എന്ന് യേശു തന്റെ ഗിരിപ്രഭാഷണത്തിൽ ചോദിക്കുന്നു. ആരും കുഞ്ഞുങ്ങൾക്ക് അപ്പത്തിന് പകരം കല്ല് നൽകാറില്ല. അഥവാ നൽകിയാൽ എന്താണ് സംഭവിക്കുന്നത്? കുഞ്ഞിന്റെ കയ്യിൽ ലഭിക്കുന്ന കല്ല് അവന്ഡ നാലു പാടും വലിച്ചെറിയും. ഒരു പക്ഷേ അത് കൊടുക്കുന്നവർക്ക് പോലും ഏറ് കിട്ടിയേക്കാം. ഇന്നും ഒരു പക്ഷേ സംഭവിക്കുന്നത് അതു തന്നെയാണ്. മാതാപിതാക്കൾ നൽകുന്നതാണ് മക്കൾ തിരികെ നൽകുന്നതും.

കുറെ ദിവസങ്ങൾക്ക് മുമ്പ് കണ്ട ഒരുചിത്രം മനസ്സിൽ വല്ലാതെ പതിഞ്ഞു. “സ്കൂൾ കഴിഞ്ഞ് മടങ്ങി വരുന്ന ഒരു കുട്ടിയെ കൈയിൽ പിടിച്ച് എവിടെയെങ്കിലും വിദേശരാജ്യത്തേക്ക് കുട്ടി പഠിച്ച് വിദേശത്ത് എത്തിയ മക്കൾ തിരികെ നൽകുന്നത് ഒരു നല്ല വീടും മാതാപിതാക്കൾക്ക് കൂട്ടിന് ഒരു പട്ടിയും....

**ഒരു കുട്ടിക്കും പട്ടിക്കും**

“ഒരു കുട്ടിക്കും പട്ടിക്കും വേണ്ടതെല്ലാം നൽകുക ഫലം: നിങ്ങൾക്ക് അനുസരണം ഉള്ള ഒരു പട്ടിയെയും വഴിതെറ്റിയ ഒരു കുട്ടിയെയും കിട്ടും” എന്ന് ആരോ പറഞ്ഞത് വളരെ ശരിയാണ്. ഇന്നത്തെ പല വീടുകളിലും വളർത്തു നായ്ക്ക് നൽകുന്ന പരിചരണമോ, കരുതലോ പരിശീലനമോ കുട്ടികൾക്ക് ലഭിക്കുന്നില്ല എന്നതാണ് സത്യം. ഒരു പക്ഷേ ജീവിതതിരക്കുകൾ ടിവി, ഇന്റർനെറ്റ്, മൊബൈൽ മാധ്യമങ്ങൾ മക്കളെ കരുതാനും സ്നേഹിക്കുവാനുമുള്ള സമയം എടുത്തു കളയുന്നു.

മാതാപിതാക്കളിൽ നിന്ന് മക്കൾ പ്രതീക്ഷിക്കുന്നത് പലപ്പോഴും ലഭിക്കാറില്ല. സ്നേഹവും ലാളനയും ലഭിക്കേണ്ട പ്രായത്തിൽ ലഭിക്കുന്നത് തല്ലും അരുതുകളും മാത്രമാണ്. “സ്നേഹിക്കപ്പെട്ടവർക്ക് മാത്രമേ സ്നേഹം പകരുവാൻ കഴിയൂ”.

**ദൈവത്തെ നൽകുക (Give then God)**

വളരുന്ന പ്രായത്തിൽ കുഞ്ഞുങ്ങൾക്ക് ദൈവത്തെ കാട്ടി കൊടുക്കുവാനുള്ള കടമ മാതാപിതാക്കൾക്കുണ്ട്. ദൈവമാണ് നമ്മെ സൃഷ്ടിച്ചതെന്നും, നമുക്ക് വേണ്ടതെല്ലാം നൽകുന്നതും ദൈവമാണെന്ന ബോധ്യം കുഞ്ഞുങ്ങളിൽ പകരണം.

പലപ്പോഴും ദാതാവായ ദൈവത്തെക്കാൾ മക്കൾക്ക് വിശ്വാസം ATM -നെയാണ്. തങ്ങളെ നടത്തിയ ദൈവത്തിന്റെ പ്രവൃത്തികളെപ്പറ്റി വിവരിക്കുവാൻ തലമുറയ്ക്ക് പറഞ്ഞുകൊടുക്കുവാനുമായി ന്യായപ്രമാണ പുസ്തകം മാതാപിതാക്കളെ ഓർപ്പിക്കുന്നു.

വചനം പറയുന്നു; “ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക; വൃദ്ധനായാലും അത് വിട്ടുമാറുകയില്ല” (സദൃശ്യ.22:6). ദൈവീക വിശ്വാസം കുഞ്ഞുങ്ങൾക്ക് പകർന്ന് നൽകേണ്ട പ്രായം ഏതാണെന്ന് ചിലതെങ്കിലും ചോദിക്കാം? മനഃശാസ്ത്രവീക്ഷണം അനുസരിച്ച് ഏകദേശം അഞ്ചു വയസിന് മുമ്പു തന്നെ കുഞ്ഞിന്റെ സ്വഭാവം, വിശ്വാസം, മനോഭാവം എല്ലാം തീരുമാനിക്കപ്പെട്ടു കഴിഞ്ഞു. അഞ്ചു വയസുള്ള കുഞ്ഞിനെ പലപ്പോഴും കുഞ്ഞായി തന്നെ കാണാനാണ് പലരും ആഗ്രഹിക്കുന്നത്. എന്നാൽ അഞ്ചു വയസ് ഇന്നത്തെ കാലഘട്ടത്തിൽ ശരിയും തെറ്റും തിരിച്ചറിയാനുള്ള പ്രായമാണ്.

**ആരാണ് ദൈവം**

ആരാണ് ദൈവം? കുട്ടികളോടായി സൺഡേ സ്കൂൾ ടീച്ചർ ചോദിച്ചു. പലർക്കും ഉത്തരം ഇല്ലായിരുന്നു. ടീച്ചർ വിവരിച്ചു. നമുക്ക് നല്ല ഉടുപ്പും, ആഹാരവും ഒക്കെ തരുന്നത് ദൈവമാണ്. പൈസ തരുന്നത് ദൈവമാണ്. കുറെ വിവരണത്തിനു ശേഷം ടീച്ചർ വീണ്ടും ചോദിച്ചു. ആരാണ് ദൈവം? ഒരു കുട്ടി വിളിച്ചു പറഞ്ഞു; ഡാഡിയാണ് എന്റെ ദൈവം. ടീച്ചർ പറഞ്ഞതെല്ലാം എനിക്ക് നൽകുന്നത് ഡാഡിയാണ്. ആത്മീകതയുടെ ആദ്യപാഠങ്ങൾ വീട്ടിൽ നിന്നാണ് കുഞ്ഞുങ്ങൾക്ക് ലഭിക്കേണ്ടത്.

- ദൈവം ആരാണ്
- ദൈവവും നാമുമായുള്ള ബന്ധം
- ദൈവത്തിന് നമ്മെ കുറിച്ചുള്ള പദ്ധതി
- ദൈവ സ്നേഹം
- ദൈവത്തിന്റെ കരുതൽ

തുടങ്ങിയ കാര്യങ്ങൾ ലഘുവായി കുഞ്ഞുങ്ങൾക്ക് പകർന്ന് നൽകണം

തുടർച്ച 11 പേജിൽ

10-ാം പേജ് തുടർച്ച



## ദൈവവചനം കുഞ്ഞുങ്ങൾക്ക് നൽകുക

മാതാപിതാക്കൾ മക്കൾക്ക് ദൈവവചനം നൽകണം. കാരണം ദൈവവചനം ആണ് അവരുടെ ജീവിതവിജയത്തിനാധാരം. കുഞ്ഞുങ്ങൾക്ക് ദൈവവചനം നൽകുവാൻ സഭയ്ക്കും കടപ്പാടുണ്ട്.

**സഭയും കുഞ്ഞുങ്ങളും**

കഴിഞ്ഞ ദിവസം സൺഡേസ്കൂളിൽ അധ്യാപകൻ ചോദിച്ച ചോദ്യം ഇതായിരുന്നു; "വെള്ളത്തിൽ നിന്ന് വലിച്ചെടുക്കപ്പെട്ടവൻ ആരാണ്? പലരും ഉത്തരം അറിയാതെ മുഖത്തേക്ക് നോക്കിയിരുന്നപ്പോൾ കൂട്ടത്തിൽ ഒരുവൻ അധ്യാപകനോട് ഒരു 'ക്ലൂ' ആവശ്യപ്പെട്ടു. അധ്യാപകൻ നൽകിയ ക്ലൂ ഇതായിരുന്നു. "മോ" "മോ" എന്ന് കേട്ടപ്പോൾ തന്നെ ഒരുത്തൻ ചാടി എഴുന്നേറ്റ് പറഞ്ഞു, സാർ ഞാൻ പറയാം? പറഞ്ഞോളൂ; "മോഹൻലാൽ" ഉത്തരം കേട്ട അധ്യാപകൻ ഞെട്ടിപ്പോയി. ഉത്തരം ശരിയാണ്, കാരണം സിനിമയിലെവിടെയോ പയ്യൻ കണ്ടതാണിത്. സഭകൾ കുഞ്ഞുങ്ങളുടെ വേദപഠനത്തിന് കൂടുതൽ പ്രാധാന്യം നൽകണം. സഭകളിലെ പരിപാടികൾ ഏറെക്കുറെ മുതിർന്നവർക്കുവേണ്ടി ഉള്ളതാണ്. കുഞ്ഞുങ്ങൾക്കുവേണ്ടി ക്യാമ്പുകളും ധ്യാനയോഗങ്ങളും, പഠനക്ലാസ്സുകളും, വചനപഠനവും ക്രമീകൃതമായി നൽകണം. ഇല്ലെങ്കിൽ കുഞ്ഞുങ്ങൾ ദൈവ വഴിവിട്ട് തെറ്റിപ്പോകും. വെക്കേഷൻ ബൈബിൾ സ്കൂൾ (VBS) ദൈവവചനം ക്രമീകൃതമായി കുഞ്ഞുങ്ങൾക്ക് നൽകുന്ന ഒന്നാണ് വി. ബി. എസ്സ് എന്ന് വിളിക്കുന്ന വെക്കേഷൻ ബൈബിൾ സ്കൂളുകൾ. വി. ബി. എസ്സുകൾ കുഞ്ഞുങ്ങൾക്ക് ഉല്ലസിക്കുവാനും ഒപ്പം ദൈവവചനം പഠിക്കുവാനുള്ള വേദിയാണ്. ഒരു വർഷത്തിൽ ആറ് ദിവസം എങ്കിലും വി. ബി. എസ്സിനായി മാറ്റി വെയ്ക്കാൻ കഴിയാത്ത സഭകൾ മരിച്ച സഭകളാണ്.

വർഷത്തിൽ 20 ഉപവാസപ്രാർത്ഥന നടത്തുന്ന സഭകൾ കുട്ടികളുടെയും യുവജനങ്ങളുടെയും പോഗ്രാം വരുമ്പോൾ ഫണ്ട് ഇല്ല കാശ് ഇല്ല എന്നൊക്കെ പറയാറുണ്ട്; യഥാർത്ഥത്തിൽ സഭകൾ കതിരിൽ വളം ഇടാനായി കൂടുതൽ പണം ചെലവഴിക്കുന്നു. എന്നാൽ വളർന്നുവരുന്ന കുഞ്ഞുങ്ങൾക്കായി ചിലവഴിക്കാൻ പണം ഇല്ല താനും. ഈ അവസ്ഥക്ക് മാറ്റം വരണം. കാരണം നാളത്തെ സഭയായ കുഞ്ഞുങ്ങൾക്ക് വേണ്ടത് നൽകിയില്ലെങ്കിൽ ഇവർ സഭയ്ക്ക് പുറത്ത് വളരും, പിന്നീട് ദുഃഖിച്ചിട്ട് കാര്യം ഇല്ല. സഭകളിൽ കുഞ്ഞുങ്ങൾക്ക് സന്തോഷിക്കുവാനും വളരുവാനും ഉള്ള അവസരങ്ങൾ ഉണ്ടാകണം.

**സണ്ടേസ്കൂൾ**
**(Sunday School)**

കുഞ്ഞുങ്ങൾ ആത്മീകമായി വളരുവാൻ ലഭിക്കുന്ന ആദ്യപാഠശാല സൺഡേസ്കൂളാണ്. **"സണ്ടേസ്കൂളുകൾ ഇല്ലാത്ത സഭകൾ മക്കൾ ഇല്ലാത്ത കുടുംബംപോലെയാണ്".** ദൈവവചനം ക്രമീകൃതമായി കുഞ്ഞുങ്ങൾക്ക് നൽകുന്ന സണ്ടേസ്കൂളുകൾ സഭയുടെ വളർച്ചക്ക് നിദാനമാണ് ഏറ്റവും കൂടുതൽ ആളുകൾ രക്ഷിക്കപ്പെട്ടിട്ടുള്ളത് സണ്ടേസ്കൂളിലാണ്. കൂടുതൽ പേരും സുവിശേഷവേലയ്ക്ക് സമർപ്പിക്കപ്പെട്ടതും ഈ പ്രായത്തിലാണ്. സണ്ടേസ്കൂൾ സിലബസ്സുകൾ നവീകരിക്കുവാനും കുഞ്ഞുങ്ങളുടെ പ്രായത്തിനും കാലത്തിനും അനുസരിച്ച് മാറ്റങ്ങൾ വരുത്തുവാനും സഭകൾ തയ്യാറാകണം. പാഠ്യപദ്ധതിപോലെ കുട്ടികൾക്കുള്ളവർക്കു ബുക്കുകൾ വളരെ ഗുണം ചെയ്യും. മാതാപിതാക്കളും സഭയും ദൈവദാസന്മാരും നേതൃത്വവും ഈ കാര്യത്തിൽ മുൻകൈ എടുക്കണം. "സണ്ടേസ്കൂൾ അധ്യാപകർക്ക് വേണ്ട പരിശീലനവും പ്രോത്സാഹനവും വളരെ അത്യാവശ്യമാണ്. ഈ കാലഘട്ടത്തിൽ ചെയ്യുവാൻ കഴിയുന്ന ഏകവും വലിയ സുവിശേഷ പ്രവർത്തനമാണ് സണ്ടേസ്കൂൾ; ഒപ്പം വി. ബി. എസ്സും, സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ സഭയ്ക്ക് പുറത്തേക്ക് വളരുമ്പോഴാണ് യഥാർത്ഥ ലക്ഷ്യം സഫലമാകുന്നത്.

✱ സൺഡേ സ്കൂളുകൾ ക്രമീകൃതമായി നടത്തണം

✱ പാഠ്യ പദ്ധതിക്ക് വേണ്ട പുതുക്കൽ നടത്തണം

✱ കുട്ടികൾക്ക് വ്യത്യസ്തമേഖലയിലുള്ള പരിശീലനം അത്യാവശ്യമാണ്.

✱ സണ്ടേസ്കൂൾ അധ്യാപകരെ പരിശീലിപ്പിക്കണം

✱ സൺഡേസ്കൂൾ കുട്ടികൾക്ക് ആനന്ദവും സന്തോഷവും പ്രധാനം ചെയ്യുന്നതാകണം.

**മറ്റ് ആത്മീക പ്രവർത്തനങ്ങൾ (Other Spiritual Activities)**

സഭയുടെ മറ്റ് ആത്മീക പ്രവർത്തനങ്ങൾക്ക് കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം വർദ്ധിപ്പിക്കണം. സഭകളിൽ കുഞ്ഞുങ്ങളെ രണ്ടാംകിട പൗരന്മാരായി പരിഗണിക്കുന്നത് ഒഴിവാക്കി സഭാ പ്രവർത്തനത്തിലും ആത്മീയ ശുശ്രൂഷകളിലും കഴിവതും പങ്കാളിത്തം വർദ്ധിപ്പിക്കണം. ആത്മീക മുരടിപ്പിൽ (Spiritual Stagnancy) നിന്ന് സഭയെ ഉദ്ധരിക്കണമെങ്കിൽ യുവജനങ്ങളും കുഞ്ഞുങ്ങളും ആത്മീകമായി ഉണർത്തപ്പെടണം. കുഞ്ഞുങ്ങൾ പ്രവചിക്കുവാനും യൗവനക്കാർ ദർശനങ്ങൾ കാണുവാനും തുടങ്ങുമ്പോഴാണ് സഭകളുടെ ആത്മീക നിലവാരം ഉയരുന്നത്.

സഭകളിൽ കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും വേണ്ട പ്രാധാന്യം ലഭ്യമാകുന്ന തരത്തിലുള്ള സംവിധാനങ്ങൾ നിലവിൽ വരണം.

✱ ആരാധന, സംഗീതശുശ്രൂഷ ഇവയിൽ കുഞ്ഞുങ്ങൾക്കും യുവജനങ്ങൾ പ്രാധാന്യം നൽകുക.

✱ സഭ കുഞ്ഞുങ്ങളുടേതും കൂടിയാണെന്ന ബോധ്യം അവരിൽ പകരണം.

✱ ക്യാമ്പുകൾ, വി. ബി. എസ്സ്, റിട്രീറ്റ്, ധ്യാനയോഗങ്ങൾ തുടങ്ങിയവ സമയാസമയങ്ങളിൽ ഉണ്ടാകണം.

## Property for IMMEDIATE sale at Kozhuvalloor, Chengannur!

House plot (30 cents) for sale in Kozhuvalloor, 10 minutes' drive (7 kilometers) from Chengannurtown. Original land with well water, that never runs dry even in summer. Frontage (30 ft.) Panchayath Road. No flood area. Suitable for residential and business needs. Very close to all amenities including schools, colleges, professional colleges, banks, temples, churches, government offices etc. Property of Pastor's family. Anyone interested, please contact Mr. A J John at +91 9745862898 or 04722898033.

Email – maanueljoseph@gmail.com.


## 21 മത് റീമാ പുസ്തകമേള



തിരുവല്ല: റീമാ പബ്ലിഷേഴ്സിന്റെ 21 മത് വാർഷിക ബൈബിൾ പുസ്തകമേള നവംബർ 11 മുതൽ 30 വരെ പുഷ്പഗിരി റോഡിലുള്ള റീമാ ബുക്ക് ഹൗസിൽ നടക്കും. സ്ഥാപക ഡയറക്ടർ റവ. സി. പി. മോനായിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ മുൻ രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ.പി.ജെ.കുര്യൻ ഉദ്ഘാടനം ചെയ്യും. തിരുവല്ല മുനിസിപ്പൽ ചെയർമാൻ ശ്രീ.ചെറിയാൻ പോളച്ചിറയ്ക്കൽ ആദ്യ വില്പന നിർവഹിക്കും. 5 പുതിയ പുസ്തകങ്ങളുടെ പ്രകാശനവും നടക്കും. 20 ദിവസം നീു നിൽക്കുന്ന പുസ്തകമേളയിൽ പുസ്തകങ്ങൾക്ക് 50% വരെ ഡിസ്കൗ് ലഭിക്കും. റീമാ പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച 460 ൽ അധികം ഗ്രന്ഥങ്ങൾക്കും പ്രത്യേക ഡിസ്കൗ് ഏർപ്പെടുത്തിയിട്ടു്. വാർഷിക സമ്മേളനം തിരുവല്ല വൈ എം സി എ ഹാളിൽ 30-ാം തിയതി ശനിയാഴ്ച നടക്കും. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ആത്മീയ നേതാക്കൻമാർ പങ്കെടുക്കും.

theendtimenews.com






printed,published and owned by harvestingsoulsmission,chief editor Baiju Yacob

Share on

the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no : TVM/TC/1717/2014
Established :USA
Published from : India, Kerala, TVM





# US GLASSTECH

**We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.**

## OUR OTHER ALUMINIUM PRODUCTS

- **Manual ICU sliding Doors.**
- **Manual Pivot or Hinged Doors.**
- **Automatic folding Doors.**
- **Five door systems.**
- **Manual Swing and slide Doors.**
- **Aluminium, FRP and Fiberglass Enty Doors.**
- **Store front systems.**
- **Shower doors.**
- **Patio sliding doors.**
- **Frameless glass enterace Doors.**
- **Window Wall.**

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015